ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/10942/2025-C2 (ACA) തീയതി:27-12-2025

**സർക്കുലർ**

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം - അക്കാദമിക് സെക്ഷൻ - കേരള നിയമ സഭാ അന്താരാഷ്ട്ര പുസ്തകോൽസവം - സംബന്ധിച്ച്.

സൂചന :- 26.11.2025 തീയതിയിലെ ബഹു. കേരള നിയമസഭാ സെക്രട്ടേറിയേറ്റ് സെക്രട്ടറിയുടെ കത്ത് നമ്പർ. KLS/8423/2025-KLIBF 2

കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ 2026 ജനുവരി 7 മുതൽ 13 വരെ നിയമസഭാങ്കണത്തിൽ വച്ച് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് സംഘടിപ്പിച്ചിരിക്കുന്നു. പുസ്തകോത്സവത്തിനു എത്തുന്ന സന്ദർശക വിദ്യാർഥികൾക്ക് അവരുടെ അറിവിന്റെ ലോകത്തേക്കും വായനയുടെ മഹിമയിലേക്കും കൈപിടിച്ചു നടത്തുന്നതിനുള്ള സംരംഭത്തിന് സൌകര്യം ഒരിക്കിയിരിക്കുന്നു. ആയത് ഈ വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതിൽ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ് എന്നു അറിയിക്കുന്നു. സൂചന കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

Signed by
Jayaprakash P
Date: 29-12-2025 10:36:34

JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഭരണഭാഷ മാതൃഭാഷ

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ **KLS/8423/2025-KLIBF 2.**

തിരുവനന്തപുരം,
26.11.2025

സെക്രട്ടറി.

ഡയറക്ടർ,
ടെക്നിക്കൽ എഡ്യൂക്കേഷൻ

OFFICE OF THE DIRECTOR OF TECHNICAL EDUCATION
28 NOV 2025
THIRUVANANTHAPURAM-23.

സർ/മാഡം,

വിഷയം :- കേരള നിയമസഭാ സെക്രട്ടേറിയറ്റ് - റിസപ്ഷൻ കമ്മിറ്റി- കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം (നാലാം പതിപ്പ്)- സംബന്ധിച്ച്.

കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ 2026 ജനുവരി 7 മുതൽ 13 വരെ നിയമസഭാങ്കണത്തിൽ വച്ച് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് സംഘടിപ്പിക്കുന്ന വിവരം അങ്ങ് അറിഞ്ഞിരിക്കുമല്ലോ. പുസ്തകോത്സവത്തിനെത്തുന്ന സന്ദർശക വിദ്യാർഥികൾക്ക് മുൻപതിപ്പുകളിലേതു പോലെ നാലാം പതിപ്പിലും ചുവടെ പറയുന്ന സൗകര്യങ്ങളും വിവിധ മത്സരങ്ങളും ഒരുക്കിയിരിക്കുന്നു.

- നിയമസഭാ മന്ദിരം, പുസ്തക സ്റ്റാളുകൾ, നിയമസഭാ മ്യൂസിയം, നേപ്പിയർ മ്യൂസിയം, ശ്രീചിത്ര ആർട്ട് ഗ്യാലറി, മൃഗശാല എന്നിവ സന്ദർശിക്കുന്നതിനുള്ള സൗജന്യ വിസിറ്റ് പാക്കേജ്
- കെ.എസ്.ആർ.ടി.സി ഡബിൾഡെക്കർ ബസ്സിൽ സൗജന്യമായി തിരുവനന്തപുരം സിറ്റി റൈഡിനുള്ള അവസരം
- പുസ്തകോത്സവത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന അധ്യാപകരും വിദ്യാർത്ഥികളും www.klibf.niyamasabha.org എന്ന വെബ്സൈറ്റിലെ **virtual queue** എന്ന ലിങ്ക് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.
- സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കായി സജ്ജീകരിച്ചിരിക്കുന്ന സ്റ്റുഡൻസ് കോർണർ എന്ന പ്രത്യേക വേദിയിൽ വിദ്യാർത്ഥികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും തങ്ങളുടെ പുസ്തകം പ്രകാശനം ചെയ്യുന്നതിനുമുള്ള അവസരം

- A.I അധിഷ്ഠിത പ്രോഗ്രാമുകൾ, മാജിക് ഷോ, പപ്പറ്റ് ഷോ, സെമിനാറുകൾ, വിവിധ തരത്തിലുള്ള ഗെയിമുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള സ്റ്റുഡൻസ് കോർണറിൽ നിന്നും വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനമായി ലഭിക്കുന്ന പുസ്തക കൂപ്പണുകൾ ഉപയോഗപ്പെടുത്തി സ്റ്റാളുകളിൽ നിന്നും പുസ്തകം വാങ്ങുന്നതിനുള്ള അവസരം

- സ്റ്റുഡൻസ് കോർണറിൽ പരിപാടികൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത വെബ്സൈറ്റിലെ **students Corner** എന്ന ലിങ്ക് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

- ഗവൺമെൻറ് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ സമ്മേളന ഹാളിൽ വച്ച് **2026 ജനുവരി എട്ടിന്** സംഘടിപ്പിക്കുന്ന **മാതൃകാ നിയമസഭ**-യിൽ സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ/ ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി തലങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത വെബ്സൈറ്റിലെ **Model Assembly** എന്ന ലിങ്ക് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

- പുസ്തകോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൽ ഹൈസ്കൂൾ- ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ, കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നീ വിഭാഗങ്ങളിൽ നിന്നും രണ്ടുപേരടങ്ങുന്ന ടീമുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത വെബ്സൈറ്റിലെ **Quiz Competition** എന്ന ലിങ്ക് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

- വിദ്യാർത്ഥികൾക്കായും പൊതുജനങ്ങൾക്കായും പുസ്തകാസ്വാദനം, പദ്യപാരായണം, ഒരു കഥ പറയാം എന്നീ ഓൺലൈൻ മത്സരങ്ങളും പൊതുവിഭാഗത്തിൽ ഹ്രസ്വചിത്രം, റീൽസ് എന്നീ ഓൺലൈൻ മത്സരങ്ങളും സംഘടിപ്പിക്കുന്നു.ഇത് സംബന്ധിച്ച വിശദവിവരങ്ങൾക്കും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുമായി പ്രസ്തുത വെബ്സൈറ്റിലെ **Contest** എന്ന ലിങ്ക് സന്ദർശിക്കുക.

വിദ്യാർത്ഥികളെ അറിവിന്റെ ലോകത്തേക്കും വായനയുടെ മഹിമയിലേക്കും കൈപിടിച്ച് നടത്തുന്നതിനുള്ള ഈ മഹത് സംരംഭത്തിലേക്ക് താങ്കളുടെയും താങ്കളുടെ അധികാരപരിധിയിൽ വരുന്ന മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സഹകരണവും

പങ്കാളിത്തവും ഉറപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പുസ്തകോത്സവം സംബന്ധിച്ച കൂടുതൽ അന്വേഷണങ്ങൾക്ക് klibf.kla@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിലോ ബന്ധപ്പെടേണ്ടതാണ്.

വിശ്വസ്തതയോടെ,

രജനി വി. ആർ.,
അഡീഷണൽ സെക്രട്ടറി,
കൺവീനർ, റിസപ്ഷൻ കമ്മിറ്റി,
സെക്രട്ടറിക്കുവേണ്ടി.

;

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക :**

| | | |
|---|---|---|
| ശ്രീ. ആർ. ഷാജി | : 9497015937 | (സിറ്റി റൈഡ്) |
| ശ്രീ. പി. ഹരിശങ്കർ | : 9446013232 | (വെർച്വൽ ക്യൂ രജിസ്ട്രേഷൻ) |
| ശ്രീമതി ഇന്ദു എം. ആർ. | : 9447094476 | (സ്റ്റുഡൻസ് കോർണർ) |
| ശ്രീമതി സിന്ധു.റ്റി | : 9526582853 | (സ്റ്റുഡൻസ് കോർണർ) |
| ശ്രീമതി പുഷ്പലത വി. സി. | :0471 251 2670 | (ഓൺലൈൻ മത്സരങ്ങൾ) |
| ശ്രീമതി മഞ്ജു യു. | : 9400528408 | (മാതൃകാ നിയമസഭ ) |
| | :0471 251 2456 /2549/2368 (ക്വിസ്) | |